## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5491 28.7.2015-ൽ മറുപടിയ്ക്ക്**

**കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാല**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.അൻവർ സാദത്ത് | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) സർവ്വകലാശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ 2014-15 ൽ 35 കോടി രൂപയുടെ പ്ലാൻ സഹായം അനുവദിച്ചിരുന്നു. ഇതിൽ 21 കോടി ഇതുവരെ സർവ്വകലാശാലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) സർവ്വകലാശാലയുടെ പ്ലാൻ പദ്ധതികൾ അംഗീകരിക്കുകയും വേണ്ട ധനസഹായവും അനുമതികളും സർക്കാർ നൽകി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 1)വിദ്യാഭ്യാസം

ഗവേഷണ സ്കൂളുകളുടെയും കേന്ദ്രങ്ങളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുക, നിലവിൽ വിവിധ കോഴ്സുകൾക്കുള്ള സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുക. പുതുതായി ആരംഭിക്കുന്ന കോഴ്സുകൾ അടക്കം സർവ്വകലാശാലയിൽ പഠനത്തിനായി ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണം 2500 ആക്കുക എന്നിവ ലക്ഷ്യമിടുന്നുണ്ട്.

### 2)ഗവേഷണം

കന്നുകാലികളുടെ ജനിതക ശേഷി മെച്ചപ്പെടുത്തുന്നതിനും, പോഷകാടിസ്ഥാനം ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ :

1)കന്നുകാലികളിലെ ഉല്പാദന – പ്രത്യുല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

2)കോഴി വളർത്തൽ മേഖലയിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

3)ബയോടെക്നോളജി, രോഗപ്രതിരോധം, രോഗങ്ങളെക്കുറിച്ച് മുൻകൂർ വിവരം നല്കുന്നതിനുള്ള പദ്ധതികൾ.

4) വളർത്തുമൃഗങ്ങളിലും വന്യമൃഗങ്ങളിലുമുള്ള ഗവേഷണ പദ്ധതികൾ.

5)ഗവേഷണത്തിനുള്ള അടിസ്ഥാന സൗകര്യവികസനം, സർവ്വകലാശാല ഫാമുകളുടെ മെച്ചപ്പെട്ട പ്രവർത്തനം കാര്യക്ഷമമായ ഓഫീസ് മാനേജ്മെന്റ് എന്നിവയ്ക്കായുള്ള പദ്ധതികൾ.

### 3) വിജ്ഞാനവ്യാപനവും, തൊഴിൽ സംരംഭകത്വവും

1) മൃഗസംരക്ഷണ മേഖലയിൽ സംഭരകത്വ വികസന പരിപാടികൾ ഊർജ്ജിതപ്പെടുത്തുക.

2)കർഷകർ, അഭ്യസ്ഥ വിദ്യരായ യുവതി-യുവാക്കൾ, തൊഴിൽ സംരഭകർ എന്നിവർക്കു കൂടുതൽ തൊഴിൽ അവസരങ്ങൾ ഉറപ്പു വരുത്തുക

3)ഭക്ഷ്യസുരക്ഷക്ക് വേണ്ടി പാൽ, മുട്,ട ഇറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കാനുതകുന്ന ശാസ്ത്രീയ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

സെക്ഷൻ ഓഫീസർ